പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1334    30/01/2018 ൽ മറുപടിയ്ക്ക്

## പിന്നോക്ക-മുന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. സുരേഷ് കുറുപ്പ്** | **പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) പിന്നോക്ക, മുന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളുമാണ് നിലവിൽ നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ വകുപ്പ് 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന, 25000/- (ഇരുപത്തയ്യായിരം രൂപാ മാത്രം) രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള പിന്നോക്ക/ മുന്നോക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കായി യു.പി.വിഭാഗത്തിൽ 125/- (നൂറ്റിയിരുപത്തിയഞ്ച് രൂപാ മാത്രം) രൂപയും ഹൈസ്കൂൾ വിഭാഗത്തിന് 150/- (നൂറ്റിയമ്പത് രൂപാ മാത്രം)രൂപയും വാർഷിക സ്കോളർഷിപ്പ് നല്കിവരുന്നു.<br>കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് മാർക്കിന്റേയും, മെറിറ്റിന്റെയും അടിസ്ഥാനത്തിൽ സുവർണ്ണ ജൂബിലി സ്കോളർഷിപ്പ് നല്കി വരുന്നു. കൂടാതെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പും നല്കി വരുന്നുണ്ട്. അനുവദിച്ചു വരുന്ന മറ്റ് സ്കോളർഷിപ്പുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br>• State Merit Scholarship<br>• District Scholarship<br>• Sanskrit Scholarship<br>• Blind/PH Scholarship<br>• Music Fine Arts Scholarship<br>• Aspire Scholarship<br>• Nurturing inquisitiveness & fostering Scholarship in Social Sciences<br>• Scholarship to encourage talents in Literature<br>• Scholarship to encourage talents in Music Arts &Performing Arts |

- Muslim Nadar Girls Schoalrship
- Scholarship for dependents of Jawans

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖാന്തരം പിന്നാക്ക വിഭാഗത്തിലെ കുട്ടികൾക്കായി അനുവദിക്കുന്ന സ്കോളർഷിപ്പുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- ഒ.ഇ.സി പ്രീമെട്രിക്/ പോസ്റ്റ് മെട്രിക് ആനുകൂല്യം
- ഒ.ബി.സി പ്രീമെട്രിക്/ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
- ഓവർസീസ് സ്കോളർഷിപ്പ്
- കെ.പി.സി.ആർ ആനുകൂല്യം

| | |
|---|---|
| (ബി) നോൺ - റിലീജിയസ് എന്ന വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) കോളേജ് തലത്തിൽ പോസ്റ്റ് മെട്രിക് തലത്തിൽ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം ആനുകൂല്യങ്ങൾക്ക് പൊതുവിഭാഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരുമാനപരിധിക്ക് വിധേയമായി അർഹതയുണ്ട്.<br>നോൺ - റിലീജിയസ് എന്ന വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികളുടെ മാതാപിതാക്കളുടെ വാർഷിക വരുമാനം 25000/- (ഇരുപത്തയ്യായിരം രൂപാ മാത്രം) രൂപയ്ക്ക് താഴെയാണെങ്കിൽ പിന്നോക്ക/ മുന്നോക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കായി പൊതു വിദ്യാഭ്യാസ വകുപ്പ് അനുവദിക്കുന്ന സ്കോളർഷിപ്പിന് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ